2354
21/8/13

# കേരള സർക്കാർ
## സംഗ്രഹം

റവന്യൂ വകുപ്പ് - "ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015" ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്- – സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനുള്ള അനുമതി -ഭേദഗതി ചെയ്ത് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================

## റവന്യൂ(എ) വകുപ്പ്

സ.ഉ. (സാധാ.) നം. 4354/ 2013 / റവന്യൂ തീയതി, തിരുവനന്തപുരം, 31.07.2013

=====================================================

പരാമർശം : (1) സർക്കാർ ഉത്തരവ്(സാ) നം 4053/2013/റവ. തീയതി 20-07-2013
(2) ജോയിന്റ് കമ്മീഷണർ & സ്പെഷ്യൽ ഓഫീസറുടെ 23-07-2013 ലെ എൽ ആർ (ജെ) 10-27263/2013 നമ്പർ കത്ത്

## ഉത്തരവ്

"ഭൂരഹിതരില്ലാത്ത കേരളം പദ്ധതി- 2015"- ലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി സംസ്ഥാന ഐ.റ്റി മിഷനുമായി ചേർന്ന് ഒരു സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനുള്ള അനുമതി നൽകി മേൽ പരാമർശം ഒന്ന് പ്രകാരം ഉത്തരവായിരുന്നു.

(2) എന്നാൽ നിർദ്ദിഷ്ട സമയത്തിനുള്ളിൽ സോഫ്റ്റ് വെയർ തയ്യാറാക്കി നൽകാൻ കഴിയില്ല എന്ന് ഐ.ടി മിഷൻ അറിയിച്ചതിനെത്തുടർന്ന് സിഡിറ്റുമായി ബന്ധപ്പെടുകയും, സിഡിറ്റിൽ സോഫ്റ്റ് വെയർ നിർമ്മാണം അന്തിമ ഘട്ടത്തിൽ എത്തിയിട്ടുള്ളതായും "ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015"-ന്റെ ചുമതല വഹിക്കുന്ന ജോയിന്റ് കമ്മീഷണർ & സ്പെഷ്യൽ ഓഫീസർ, പരാമർശം രണ്ട് പ്രകാരം അറിയിച്ചിട്ടുണ്ട്. പദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി സംസ്ഥാന ഐ.റ്റി മിഷനുമായി ചേർന്ന് ഒരു സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ടുള്ള മേൽ പരാമർശം ഒന്നിലെ ഉത്തരവ് ഭേദഗതിചെയ്തുകൊണ്ട് സിഡിറ്റുമായിച്ചേർന്ന് പ്രസ്തുത സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനുള്ള അനുമതി നൽകണമെന്നും ജോയിന്റ് കമ്മീഷണർ & സ്പെഷ്യൽ ഓഫീസർ, "ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015" അഭ്യർത്ഥിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "ഭൂരഹിതരില്ലാത്ത കേരളം പദ്ധതി- 2015"- ലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി സംസ്ഥാന ഐ.റ്റി മിഷനുമായി ചേർന്ന് ഒരു സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ടുള്ള പരാമർശം ഒന്നിലെ ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ട്

സി.ഡിറ്റുമായി ചേർന്ന് പ്രസ്തുത സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(4) ജോയിന്റ് കമ്മീഷണർ & സ്പെഷ്യൽ ഓഫീസർ, "ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015, ഡയറക്ടർ സർവ്വെ ആന്റ് ലാന്റ് റെക്കോർഡ്സ് എന്നിവർ ഇക്കാര്യത്തിൽ സത്വരമായ അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ടി. വി. വിജയകുമാർ**
**അഡീഷണൽ സെക്രട്ടറി**

1. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
2. ജോയിന്റ്കമ്മീഷണർ (ലാന്റ് റവന്യൂ) & സ്പെഷ്യൽ ഓഫീസർ (സീറോ ലാന്റ് ലെസ് പ്രോജക്റ്റ്), തിരുവനന്തപുരം.
3. ഡയറക്ടർ, സർവ്വേ & ലാന്റ് റിക്കോർഡ്സ്, തിരുവനന്തപുരം.
4. അസിസ്റ്റന്റ് കമ്മീഷ്ണർ (ലാന്റ് അസൈൻമെന്റ്) & സ്പെഷ്യൽ ഓഫീസർ, കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക്, തിരുവനന്തപുരം.
5. ഡയറക്ടർ, സി-ഡിറ്റ്, തിരുവനന്തപുരം.
6. വിവരസാങ്കേതിക വകുപ്പ്.
7. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ